LIBRARY ARCHIVES Kerala Legislative Assembly

ചെറുതന കടവിൽ കാർട്ടബിൾ പാലം

178 (2278) ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) ചെറുതന പഞ്ചായത്തിലെ ചെറുതന കടവിൽ ഒരു കാർട്ടബിൾ പാലത്തിന് ബഡ്ജറ്റിൽ നിർദ്ദേശിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പാലം ഒരു മേജർ ബ്രിഡ്ജ് ആക്കി മാറ്റണം എന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ നിർദ്ദേശത്തിന്റെ മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത പാലത്തിന്റെ എസ്റ്റിമേറ്റ് തുക എത്ര കോടി രൂപ വരും എന്നു വ്യക്തമാക്കുമോ ;

(ഇ) എന്നത്തേയ്ക്ക് ഈ പാലത്തിന്റെ ടെണ്ടറാനുമതി ലഭ്യമാക്കും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്

(ബി) ഉണ്ട്

(സി & ഡി) പാലം നിർമ്മാണത്തിനായി 710 ലക്ഷം രൂപയുടെ ഒരു ഏകദേശ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) എസ്റ്റിമേറ്റ് വിശദമായി പരിശോധിച്ച ശേഷമേ ടെണ്ടറാനുമതി നൽകുവാൻ സാധിക്കുകയുള്ളൂ.

കാർട്ടബിൾ പാലത്തിന്റെ എസ്റ്റിമേറ്റ്

180 (2280) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) അരൂർ മണ്ഡലത്തിലെ കാക്കത്തുരുത്തിൽ കാർട്ടബിൾ പാലത്തിന്റെ ഡീറ്റെയിൽസ് എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. വിഭാഗം തയ്യാറാക്കി സമർപ്പിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിന്റെ ടെണ്ടർ നടപടിയായോ ; ഇല്ലെങ്കിൽ എന്നേക്ക് ടെണ്ടർ ചെയ്യാനാവും ;

(സി) ആകെ എത്ര രൂപയുടെ എസ്റ്റിമേറ്റാണ് സമർപ്പിച്ചിട്ടുള്ളത് ;

(ഡി) പാലത്തിന്റെ നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?